തലശ്ശേരിയിലെ മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം പണിയാൻ സ്ഥലം

1320. [1980] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിലെ കോണോർ വയൽ ഗവൺമെൻറ് ഭൂമിയിൽ നിന്ന് കുറെ സ്ഥലം മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം നിർമ്മിക്കാൻ നൽകുന്നതിനു ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ;

(സി) ഇതിനുള്ള നടപടി എത്രത്തോളമായി ?

ഉത്തരം

(എ, ബി & സി) തലശ്ശേരിയിലെ കോണോർ വയൽ സർക്കാർ ഭൂമിയിൽ നിന്നും 9.01 ഏക്കർ സ്ഥലം മുനിസിപ്പാലിറ്റിക്ക് സ്റ്റേഡിയം നിർമ്മിക്കുന്നതിനുവേണ്ടി പതിച്ചു നൽകണമെന്ന നിർദ്ദേശം ജില്ലാകളക്ടർ സമർപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധമായി വിശദമായ നിർദ്ദേശം റവന്യൂ ബോർഡിൽ നിന്നും ലഭിച്ചശേഷമേ ഇതു പരിഗണിക്കാൻ ആകൂ.

സ്വയംതൊഴിൽ കണ്ടെത്തുന്നവർക്ക് സാമ്പത്തികസഹായം

1321. [1983] ശ്രീ. നാലകത്ത് സൂപ്പി :
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ :
,, സി. ടി. അഹമ്മദ് അലി :
,, എ. വി. അബ്ദു റഹിമാൻ ഹാജി :
,, കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പാസ്സായ ചെറുപ്പക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ വ്യവസായ വകുപ്പ് 1986 ആഗസ്റ്റ് 31 വരെ എത്ര തുക നൽകി ;

(ബി) അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) എത്ര പേർക്ക് തുക നൽകാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ, ബി) ഈ സാമ്പത്തികവർഷം ആഗസ്റ്റ് മാസം 31 വരെ വായ്പയൊന്നും നൽകിയിട്ടില്ല.

(സി) 1986-87 സാമ്പത്തികവർഷം സംസ്ഥാനത്തൊട്ടാകെ 13,000 പേർക്ക് ലോൺ കൊടുക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ആലപ്പുഴ കെ. എസ്. ഡി. പി.

1322. [1991] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ കെ. എസ്. ഡി. പി. യിൽ ഒപ്പിട്ട ദീർഘകാല കരാർ നടപ്പാക്കിയിട്ടില്ലെന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കരാർ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടെന്താണെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly